MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985

വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 25

## ഡിമെൻഷ്യ പരിചരണവും ചികിത്സയും: അന്താരാഷ്ട്ര സമ്മേളനം

ഡിമെൻഷ്യ രോഗികളുടെ പരിചരണവും ചികിത്സാരീതികളും ചർച്ച ചെയ്യുന്ന അന്താരാഷ്ട്ര സമ്മേളനം സെപ്റ്റംബർ 26 നു മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും. സർവകലാശാലാ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയും അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് സിസോഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

രാവിലെ അസംബ്ലി ഹാളിൽ നടക്കുന്ന ചടങ്ങ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവുതു ഉദ്ഘാടനം ചെയ്യും. രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് അധ്യക്ഷത വഹിക്കും. ഡിമെൻഷ്യ പരിചരണ മേഖലയിൽ പ്രശംസനീയമായ സേവനം കാഴ്ചവച്ചവരെ ചടങ്ങിൽ ആദരിക്കും.

ഉദ്ഘാടന സമ്മേളനത്തിന് ശേഷം ഡോ. സി.ടി. സുധീർ കുമാറിന്റെ പേൾ ജൂബിലി പ്രഭാഷണവും, തുടർന്ന് വിഷയാധിഷ്ഠിതമായി വിവിധ വിദഗ്ധർ അവതരിപ്പിക്കുന്ന ഗവേഷണ പ്രബന്ധ അവതരണങ്ങളും ചർച്ചകളും നടക്കും. വിവരങ്ങൾക്ക്: 944730658.

പി.ആർ.ഒ/860/2026

## അഭിമുഖം മാറ്റിവെച്ചു

മഹാത്മാഗാന്ധി സർവകലാശാലാ പഠനവകുപ്പായ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസിൽ ദിവസവേതനാടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റിനെ നിയമിക്കുന്നതിനായി സെപ്റ്റംബർ 29- ന് നടത്താൻ നിശ്ചയിച്ചിരുന്ന അഭിമുഖം മാറ്റിവെച്ചു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് - 0481 2733377

പി.ആർ.ഒ/861/2026

പ്രാക്ടിക്കൽ

രണ്ടാം വർഷ എം.എസ്.സി. മൈക്രോബയോളജി (2024 അഡ്മിഷൻ റഗുലർ, 2022-  2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ആഗസ്റ്റ് 2026 പ്രാക്ടിക്കൽ  പരീക്ഷകൾ ഒക്ടോബർ 7 ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/862/2026

പരീക്ഷാതീയതി

നാലാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (2024 അഡ്മിഷൻ റഗുലർ, 2020- 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്, 2018 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്, 2016- 17 അഡ്മിഷനുകൾ ഫൈനൽ മേഴ്സി ചാൻസ്) ബിരുദ പരീക്ഷകൾ 2026 ഒക്ടോബർ 12 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/863/2026

പബ്ലിക് റിലേഷൻസ് ഓഫീസർ